തൃശൂർ metrotcr@mm.co.in
മെട്രോ മനോരമ
ESTABLISHED 1888
2015 ഡിസംബർ 31 വ്യാഴം 1191 ധനു 15


കൊടുങ്ങല്ലൂർ കീഴ്ത്തളി ശിവക്ഷേത്രം

**ദക്ഷിണേന്ത്യയിലെ ഏറ്റവും പ്രധാന വിനോദസഞ്ചാര കേന്ദ്രമായി തൃശൂർ ജില്ലയെ മാറ്റുന്നതിനു സഹായകരമാവുമെന്നു പ്രതീക്ഷിക്കപ്പെടുന്ന മുസിരിസ് പദ്ധതി ഉദ്ഘാടനത്തിനൊരുങ്ങി. ശതകോടികൾ ചെലവഴിച്ചുള്ള പദ്ധതി പൂർത്തിയാകുന്നതോടെ ജറുസലേമും റോമും ഇസ്തംബുളും പോലെ ലോക പൈതൃക നിരയിലേക്ക് മുസിരിസും ഉയരും.**

# ടൂറിസത്തിന്റെ മുഖമാകാൻ മുസിരിസ്

സ്വന്തം ലേഖകൻ

കൊടുങ്ങല്ലൂർ ● രണ്ടായിരം വർഷത്തെ ചരിത്രം ലോകത്തിനു മുന്നിൽ അവതരിപ്പിക്കാൻ മുസിരിസ് പദ്ധതി ഒരുങ്ങി. ദക്ഷിണേന്ത്യയിലെ പ്രധാന വിനോദസഞ്ചാര കേന്ദ്രമായി കൊടുങ്ങല്ലൂരിനെയും സമീപ പ്രദേശത്തെയും മാറ്റുന്ന പദ്ധതി ഉടൻ നാടിനു സമർപ്പിക്കും.

കൊടുങ്ങല്ലൂരിനും വടക്കൻ പറവൂരിനും ഇടയിലുണ്ടായിരുന്ന പുരാതന പട്ടണമാണു മുസിരിസ്. റോം, പോർച്ചുഗൽ, ഹോളണ്ട്, ഇസ്രയേൽ, അറേബ്യ, ചൈന, ബ്രിട്ടൻ തുടങ്ങി മുസിരിസ് പട്ടണം വ്യാപാരബന്ധം പുലർത്തിയ രാജ്യങ്ങളുടെ പട്ടികയിങ്ങനെ നീളുന്നു. മുപ്പതിലേറെ രാജ്യങ്ങളുമായി വ്യാപാരബന്ധം പുലർത്തിയ മുസിരിസ് തുറമുഖ നഗരത്തിന്റെ ശേഷിപ്പുകൾ ഇനി ചരിത്രാന്വേഷണ കുതുകികൾക്കും വിനോദസഞ്ചാരികൾക്കും പഠിക്കാം.

## പദ്ധതി തുടക്കം 2008 ൽ

നൂറ്റാണ്ടുകൾ കൊണ്ടു പ്രതാപം അസ്തമിച്ചുപോയ പ്രദേശത്തിന്റെ സാധ്യതകൾ ആഗോളതലത്തിൽ പ്രയോജനപ്പെടുത്താനുള്ള പദ്ധതി 2008ലാണു തുടക്കമിട്ടത്. 2000 വർഷത്തിനപ്പുറം ചരിത്രമുള്ള തുറമുഖ നഗരത്തിന്റെ അവശിഷ്ടങ്ങൾ പട്ടണം പ്രദേശത്ത് ഉത്ഖനനത്തിൽ കണ്ടെത്തിയതോടെയാണ് ഇവിടെ വൻകിട പദ്ധതിക്കു വഴിയൊരുങ്ങിയത്.

കായലിനും കടലിനുമപ്പുറം എന്തു

**പ്രതീക്ഷ 2016**

ചരിത്രം എന്ന ചോദ്യത്തിനു മറുപടിയാണു മുസിരിസ്. ചരിത്ര പണ്ഡിതരുടെയും സാംസ്കാരിക പ്രവർത്തകരുടെയും ഇടപെടലുകളും സർക്കാർ വകുപ്പുകളുടെ ഏകോപനവും ഒത്തുചേർന്നപ്പോഴാണു മുസിരിസ് പൈതൃക പദ്ധതി യാഥാർഥ്യമായത്.

## പൈതൃക പട്ടികയിലേക്ക് മുസിരിസും

ശതകോടികൾ ചെലവഴിച്ചുള്ള പദ്ധതി പൂർത്തിയാകുന്നതോടെ ജറുസലേമും റോമും ഇസ്തംബുളും പോലെ ലോക പൈതൃക നിരയിലേക്കു മുസിരിസും ഉയരും. യുനെസ്കോയുടെ സ്പൈസസ് റൂട്ടിൽ ഉൾപ്പെടുത്തിയതിനാൽ വിനോദ സഞ്ചാരികളും ഏറെ എത്തുമെന്നാണു പ്രതീക്ഷിക്കുന്നത്.

മുസിരിസ് പദ്ധതി പ്രവർത്തനങ്ങളുടെ ഏകോപനത്തിനായി മുസിരിസ് സ്പെഷൽ ഓഫിസ് തുറന്നിട്ടുണ്ട്. സ്പെഷൽ ഓഫിസർ കെ.എസ്. ഷൈൻ നേതൃത്വം നൽകുന്ന ടീം ആണു പദ്ധതി ഏകോപിപ്പിക്കുന്നത്. ഫോൺ: 0480 2807717.


മുസിരിസ് പൈതൃക പദ്ധതിയുടെ ഭാഗമായി കോട്ടപ്പുറം കാലയിൽ നിർമിച്ചിട്ടുള്ള ബോട്ടു ജെട്ടുകളിലൊന്ന്. പദ്ധതി പ്രദേശങ്ങളിൽ എട്ടു ബോട്ടു ജെട്ടികളാണ് നിർമിച്ചിട്ടുള്ളത്.



കൊടുങ്ങല്ലൂരിലെ മുസിരിസ് അറൈവൽ സെന്റർ.

## ഈറ്റ് സ്ട്രീറ്റിൽ ഒരുങ്ങുന്നതു കായൽ, കടൽ വിഭവങ്ങൾ

കൊടുങ്ങല്ലൂർ • കോട്ടപ്പുറം ആംഫി തിയറ്ററിലാണു മുസിരിസ് പദ്ധതിയുടെ പ്രധാന ആകർഷണമാവുന്ന ഈറ്റ് സ്ട്രീറ്റ് ഒരുങ്ങുന്നത്. ആംഫി തിയറ്ററിലെ ബോട്ട് ജെട്ടികൾ കേന്ദ്രീകരിച്ചു വൈവിധ്യമായ ഭക്ഷണം വിളമ്പുന്ന തരത്തിലാണ് ഈറ്റ് സ്ട്രീറ്റ്.

ഒരേ ആകൃതിയിൽ രൂപകൽപന ചെയ്ത തട്ടുകടകളും ഇവിടെ തുടങ്ങും. ഓരോ തട്ടുകടയിലും വ്യത്യസ്തമായ വിഭവങ്ങളായിരിക്കും നൽകുന്നത്. മുസിരിസ് പ്രദേശങ്ങൾ കോർത്തിണക്കി ബോട്ട് സർവീസ് തുടങ്ങിയതോടെ വിവിധ സ്ഥലങ്ങളിൽ നിന്നുള്ള ചരിത്രാന്വേഷകരും വിനോദസഞ്ചാരികളും ആംഫി തിയറ്ററിലെത്തുന്നുണ്ട്.



സ്വാതന്ത്ര്യ സമര സേനാനി മുഹമ്മദ് അബ്ദുറഹിമാൻ സാഹിബിന്റെ ജൻമഗൃഹം.

# വെള്ളത്തിലേറി ഒരു മുസിരിസ് യാത്ര

കൊടുങ്ങല്ലൂർ • റോഡ് മാർഗത്തേക്കാൾ ജലഗതാഗതവും ജല ടൂറിസവുമാണു മുസിരിസ് പദ്ധതി ലക്ഷ്യം വയ്ക്കുന്നത്. ടൂറിസ്റ്റുകൾക്കു മുസിരിസ് പൈതൃക പദ്ധതി പ്രദേശം സന്ദർശിക്കാൻ ബോട്ട് സർവീസ് ആരംഭിച്ചു കഴിഞ്ഞു.

പദ്ധതിയുടെ ഭാഗമായി വിവിധ സ്ഥലങ്ങളിൽ നിർമിച്ചിട്ടുള്ള ബോട്ട് ജെട്ടി കേന്ദ്രീകരിച്ചാണു സർവീസ്. കായൽ ഭംഗി ആസ്വദിക്കാനും ചരിത്ര സ്മാരകങ്ങൾ കാണാനും ജലഗതാഗതം വഴി വിനോദസഞ്ചാരികൾ എത്തിത്തുടങ്ങി.

ഹോപ് ഓൺ ഹോപ് ഓഫ് ബോട്ടുകളാണു സർവീസ് നടത്തുന്നത്. മ്യൂസിയങ്ങൾ അവധിയായ തിങ്കളാഴ്ച ഒഴികെ മറ്റെല്ലാ ദിവസങ്ങളിലും ബോട്ട് സർവീസ് ഉണ്ട്. 24 പേർക്കു കയറാവുന്ന ശീതീകരിച്ച മൂന്നു ബോട്ടുകളും ആറു പേർക്കു കയറാവുന്ന രണ്ട് അതിവേഗ വാട്ടർ ടാക്സികളുമാണു സർവീസ് തുടങ്ങിയത്.

ഒരു ടിക്കറ്റ് ഉപയോഗിച്ച് എല്ലാ ബോട്ടിലും യാത്ര ചെയ്യാനാകും. മൂന്നു സർക്യൂട്ടുകളായാണു സർവീസ്. കൊടുങ്ങല്ലൂർ വിസിറ്റേഴ്സ് സെന്ററിൽനിന്നുതുടങ്ങിതിരുവഞ്ചിക്കുളം ക്ഷേത്രം, കോട്ടപ്പുറം കോട്ട, കോട്ടപ്പുറം ആംഫി തിയറ്റർ, അഴീക്കോട് മാർ തോമാ തീർഥകേന്ദ്രം എന്നീ സ്ഥലങ്ങൾ സന്ദർശിക്കുന്നതാണ് ഒരു സർവീസ്.

പറവൂരിൽനിന്നു തുടങ്ങി ചെറായി സഹോദരൻ അയ്യപ്പൻ സ്മാരകം, പട്ടണം ഉത്ഖനന കേന്ദ്രം, പള്ളിപ്പുറം മഞ്ഞുമാതാവിന്റെ പള്ളി, അഴീക്കോട് മാർ തോമാ പള്ളി എന്നിവയാണു രണ്ടാമത്തേത്. കോട്ടപ്പുറം ആംഫി തിയറ്ററിൽ നിന്നു തുടങ്ങി ഗോതുരുത്ത് ആക്റ്റിവിറ്റി സെന്റർ, പാലിയം കൊട്ടാരം, കോട്ടയിൽ കോവിലകം, ജൂത സിനഗോഗിലെത്തുന്നതാണു മൂന്നാമത്തെ സർവീസ്.

മ്യൂസിയം ഉൾപ്പെടെ കാണുന്നതിനു ബോട്ടിൽ ഒരാൾക്ക് 550 രൂപ, കുട്ടികൾക്ക് 400 രൂപ, വിദ്യാർഥികൾക്ക് 325, മുതിർന്ന പൗരൻമാർക്കു 450, മാതാപിതാക്കളും രണ്ടു കുട്ടികളുമടങ്ങുന്ന കുടുംബത്തിന് 1500 രൂപ, വിദേശികൾക്കു 2000 എന്നിങ്ങനെയാണു നിരക്ക്.

ഏഴു വയസിൽ താഴെയുള്ളവർക്കു സൗജന്യമാണ്. വാട്ടർ ടാക്സിയിൽ 15 മിനിറ്റിനു 750 രൂപയാണ്. അഞ്ചു കിലോമീറ്റർ യാത്ര ചെയ്യാം. തട്ടുകടവ് ബോട്ട് ജെട്ടി, ചേന്ദമംഗലം ബോട്ട് ജെട്ടി, കോട്ടപ്പുറം ആംഫി തിയറ്റർ എന്നിവിടങ്ങളിലും എല്ലാ മ്യൂസിയങ്ങളിലും ടിക്കറ്റുകൾ ലഭിക്കും.



അഴീക്കോട് മാർതോമാ തീർഥ കേന്ദ്രം.



ചേരമാൻ ജുമാ മസ്ജിദ്.



കോട്ടപ്പുറം കായലോരത്ത് നിർമിച്ചിട്ടുള്ള ആംഫി തിയറ്റർ.

# മുസിരിസ് പദ്ധതിയുടെ പ്രത്യേകതകൾ

- 2200 വർഷം പഴക്കമുള്ള കുഴിത്തോണികൾ ഉൾപ്പെടെ പ്രദർശിപ്പിക്കുന്ന പട്ടണത്തെ മാരിടൈം മ്യൂസിയം. പദ്ധതിയിൽ ഏറ്റവും വലിയ മ്യൂസിയങ്ങളിലൊന്നായിരിക്കും ഇത്. 90 ശതമാനം പ്രവൃത്തികളും പൂർത്തിയായി.
- പോർച്ചുഗീസുകാർ നിർമിച്ച കോട്ടപ്പുറം കോട്ട ടൂറിസ്റ്റുകൾക്കായി സജ്ജീകരിക്കും. കോട്ടയുടെ നിഗൂഢ ചരിത്രം പ്രവേശന കവാടത്തിനു മുൻപിൽ രേഖപ്പെടുത്തും.
- പറവൂർ, ചേന്ദമംഗലം ജൂതപ്പള്ളികളുടെ സാംസ്കാരിക തനിമ സന്ദർശകർക്കു കണ്ടു മനസിലാക്കാം.
- ഗോതുരുത്തിൽ ചവിട്ടുനാടക തിയറ്റർ, നാടൻ കലാമ്യൂസിയം, വള്ളംകളി, ചീനവലകൾ, കായൽ ഭക്ഷണശാലകൾ എന്നിവ സന്ദർശിക്കാം..
- പാലിയം ഡച്ച് കൊട്ടാരത്തിന്റെ അധിനിവേശ ചരിത്രം, പാലിയം നാലുകെട്ടിലെ പഴയ ജീവിതശൈലി എന്നിവ ടൂറിസ്റ്റുകളുടെ ആകർഷണമാവും.
- കൊടുങ്ങല്ലൂർ ഭഗവതി ക്ഷേത്രത്തിന്റെ ആചാരപ്രൗഢി, തിരുവഞ്ചിക്കുളം മഹാദേവ ക്ഷേത്രം, കീഴ്ത്തളി ശിവക്ഷേത്രം എന്നിവയുടെ ഐതിഹ്യ പെരുമ, ചേരമാൻപറമ്പിലെ രാജഭരണ ചിന്തകൾ എന്നിവയും മുസിരിസ് പദ്ധതിയുടെ പ്രത്യേകതയാണ്.
- കൊടുങ്ങല്ലൂർ, കോട്ടപ്പുറം, പറവൂർ എന്നിവിടങ്ങളിൽ ടൂറിസ്റ്റുകൾക്കായി സ്വീകരണ കേന്ദ്രങ്ങൾ.
- കോട്ടപ്പുറം കോട്ട, പള്ളിപ്പുറം കോട്ട, കോട്ടപ്പുറം മാർക്കറ്റ്, കോട്ടപ്പുറം മ്യൂസിയം എന്നീ സൈറ്റ് മ്യൂസിയങ്ങൾ
- പറവൂരിൽ കേസരി ബാലകൃഷ്ണപിള്ള മ്യൂസിയം. ചെറായി സഹോദരൻ അയ്യപ്പൻ മ്യൂസിയം, അഴീക്കോട് അബ്ദുറഹിമാൻ സാഹിബ് മ്യൂസിയം. കൊടുങ്ങല്ലൂരിൽ ഇസ്ലാമിക പൈതൃക മ്യൂസിയം.
- പള്ളിപ്പുറത്ത് മിലിട്ടറി മ്യൂസിയം, അഴീക്കോട് സിറിയൻ ക്രിസ്ത്യൻ പള്ളി മ്യൂസിയം, മൂത്തകുന്നത്ത് കയർ മ്യൂസിയം.